**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 182 11-06-12 ൽ മറുപടിക്ക്**

**കാരുണ്യ ലോട്ടറിയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ലോട്ടറിയുടെ നടത്തിപ്പിലൂടെ എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട് ; | (എ) | കാരുണ്യ ലോട്ടറിയിലൂടെ നടത്തിപ്പിലൂടെ ഏകദേശം 252.68 കോടി രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. |
| (ബി) | കാരുണ്യ ചികിത്സാ പദ്ധതിയിലുടെ എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകി ; കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 986 പേർക്ക് ഇതിനോടകം ധനസഹായം നൽകിയിട്ടുണ്ട്.<br>ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്.<br>• വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങൾക്ക് സഹായം ലഭിക്കും.<br>• സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ചികിത്സ തേടുന്ന രോഗികൾക്ക് മാത്രമേ ഇപ്പോൾ ധനസഹായം ലഭ്യമാവുകയുള്ളൂ. പരമാവധി ധനസഹായം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.<br>• ഹൃദ്രോഗം, ക്യാൻസർ, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗത്തിലുള്ള ചികിത്സ എന്നിവയ്ക്ക് മാത്രമേ ചികിത്സാ ധനസഹായം ലഭിക്കുകയുള്ളു<br>മുൻകാല ചികിത്സയ്ക്ക് ധനസഹായം ലഭ്യമല്ല. നിലവിൽ ആശുപത്രി യിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിവരുന്നവർക്കും ഇനി ചികിത്സ നടത്തേണ്ടവർക്കും ചികിത്സാ ധനസഹായം ലഭിക്കും |

**സെക്ഷൻ ഓഫീസർ**